

› ഉഷ ഷിനോജ്, ചൂണ്ടൽ

# ഗ്രന്ഥശാല

വാക്കുകൾ, വാക്യങ്ങൾ
അർഥങ്ങൾ, വ്യാഖ്യാനങ്ങൾ
കെട്ടുപിണഞ്ഞു കൊടുമ്പിരികൊണ്ട
മഹാമൗനത്തിൻ തടവറ
ഗ്രന്ഥശാല....
ചരിത്രം തളിച്ചിട്ട
പഴമയുടെ മഞ്ഞപ്പിൽ
അറിവിന്റെ ഈറ്റില്ല വാതിൽ പഴുതിലൂ
ടൊരു ശിശുരോദനം.
വരരുചിപ്പെരുമയുടെ,
വാ പിളർന്നൊരു വാക്ക്.
വിയർപ്പിൻ പശിമയിൽ-
വാക്കു വിതച്ചവർ,
ഉപ്പു തീണ്ടാപൊൻകതിരു,
വിളയിച്ചവർ.
സംസ്കൃതികളായ്, കൃതികളായ്,
കൊയ്തു മെതിച്ചു-
കുടികിടത്തി നിന്റെ ചില്ലലമാരയിൽ.
പുറ്റു പടർന്നു
ഇരട്ടവാലൻ പെറ്റു-
കാവൽ കിടന്നു,
കടും മഷിക്കൂട്ടിൽ.
കലിയുഗ താണ്ഡവ-
താവഴിപ്പെരുമയിൽ
ഉണ്മ ശൂരത്വം-ആര്യന്റെ ഗുരുവിനു-
തളിരിലപ്പൊതിയിൽ,
പെരുവിരൽ ദക്ഷിണ.
വീണ്ടും തഴുക്കുന്നു മണ്ണിൽ.
മഹാചക്ര-
മുഴുതുമറിച്ചൊരീ തീരതടങ്ങളിൽ
നാമ്പുണങ്ങുന്നു-
വരൾച്ച വറുതിക്കനൽ
നോക്കിലും വാക്കിലും
വറ്റുന്ന തൂലിക.
തിമിരം മറയിട്ട കാഴ്ചകൾ,
മറവിയുടെ മാറാല മൂടും
മദം പൂണ്ട ചിന്തകൾ.
കുമിയുമീ ചാമ്പൽ.
മുറുകും കടും തുടി,
കാവലാൾ ഭ്രാന്തൻ.
കനലിൽ കിളിർത്തവൻ.
ചെങ്കോൽ പെരുമയുടെ
നെറുകയിൽ പാതിവ്രത്യത്തിൻ
ഉടന്തടി....
ഇതു ചിത, അറിവിന്റെ ചിത.
വാക്കിന്നാഹുതിച്ചിത
ഗ്രന്ഥശാല. ■

Vol. No: 70 Issue No. 41 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla